**E 1273** (Pages : 3) Reg. No.................................

Name.................................

## B.A./B.Sc. DEGREE (C.B.C.S.S.) EXAMINATION, MARCH 2015

### Fourth Semester

Additional Language—Malayalam

### ഗദ്യം, രചനാപരിചയം

(For Model I B.A./B.Sc. Programmes)

[2013 Admissions]

Time : Three Hours Maximum : 80 Marks

### പാർട്ട് എ

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1 മഹാകവിയുടെ ശില്പശാലയിൽ എന്ന ലേഖനം ഏതു കവിയെക്കുറിച്ചുള്ളതാണ് ?

2 നാലപ്പാട് നാരായണമേനോൻ വിവർത്തനം ചെയ്ത പ്രശസ്ത നോവൽ.

3 റൂട്ട്സ് എന്ന കൃതി ആരുടേതാണ് ?

4 വീണപൂവ് പ്രസിദ്ധീകരിച്ച വർഷം.

5 നാനോ ടെക്നോളജി എന്ന ലേഖനം എഴുതിയതാര് ?

6 പാപത്തറ ആരുടെ കഥാസമാഹാരമാണ് ?

7 ശരിയായ പദമേത് ?

പ്രദക്ഷണം പ്രദക്ഷിണം.

8 വർണം എന്നാലെന്ത് ?

9 കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമെന്ന് വിശേഷിപ്പിച്ചതാര് ?

10 ബൈലൈൻ എന്താണ് ?

(10 × 1 = 10)

### പാർട്ട് ബി

അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11 ഭാഷ പുരുഷകേന്ദ്രിതമാണെന്ന് സാറാജോസഫ് അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട് ?

12 സ്വന്തം ജീവിതത്തെ സുരക്ഷിതമാക്കാൻ ആവശ്യമായ സാമർത്ഥ്യം കാളിദാസന്റെ ശകുന്തളയ്ക്കുണ്ടെന്ന് പറയുന്നതെന്തുകൊണ്ട് ?

13 സ്ത്രീനാടകവേദിയുടെ സവിശേഷതകൾ എഴുതുക.

Turn over

14 കുറും കവിതകൾ എന്നാലെന്ത് ?

15 ഫീച്ചറുകൾ എന്നാലെന്ത് ?

16 സാവിത്രിയുടെ മൈന ഒരു പാവം കിളിയല്ലെന്ന ലേഖകന്റെ അഭിപ്രായം പരിശോധിക്കുക.

17 മാനകഭാഷ, ഭാഷാഭേദങ്ങൾ ഇവയെന്തെന്ന് വിശദീകരിക്കുക.

18 ശാസ്ത്ര ലേഖനങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

19 ഇ-കൊമേഴ്സ് എന്നാലെന്ത് ?

20 ഇയാളെവിടെപ്പോയി പുറത്തെ വരാന്തയ്ക്കു താഴെ ഇരുട്ടിൽ ഏതാനും ചെടികൾക്കിടയിൽ പതുങ്ങി നിൽക്കുന്നതു കണ്ടു

—ചിഹ്നങ്ങൾ ഉപയോഗിച്ച് ശരിയായ രീതിയിൽ എഴുതുക

21 വിവർത്തനം എന്നാലെന്ത് ?

22 ബ്ലോഗ് രചന കുറിപ്പെഴുതുക.

(8 × 2 = 16)

## പാർട്ട് സി

**ആറു** ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

23 "അനസൂയ പ്രകൃതിയോട് ചേർന്നു ജീവിക്കുന്ന വനകന്യകയുടെ പ്രതിനിധി അല്ല. അവൾ നാഗരിക യുവതിയുടെ പ്രച്ഛന്ന വേഷമാണ് "—ലേഖകന്റെ അഭിപ്രായം പരിശോധിക്കുക.

24 വി.ടി. ഒരു കലാപമായിരുന്നുവെന്ന ഇ.എം.എസിന്റെ അഭിപ്രായം പരിശോധിക്കുക.

25 പത്രത്തിലെ ന്യൂസ്റൂം സംവിധാനത്തെക്കുറിച്ച് എഴുതുക.

26 സർഗാത്മ കൃതികളുടെ വിവർത്തനം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?

27 സാമൂഹ്യപുരോഗതിയിൽ വിവരസാങ്കേതിക വിദ്യയുടെ വളർച്ച എത്രമാത്രം പ്രയോജനകരമാണ് ?

28 ഗ്രാമചൈതന്യമാണ് ഫോക്‌ലോർ—വിശദീകരിക്കുക.

29 താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം **ഇംഗ്ലീഷിലേക്ക്** വിവർത്തനം ചെയ്യുക :

കായിക കലയുടെ കാര്യത്തിലും കേരളം സ്വന്തം വ്യക്തിത്വം വളർത്തിയെടുക്കുകയുണ്ടായി. കേരളത്തിലെ കളരിപ്പയറ്റ് വിദേശീയരുടെ അത്ഭുതാദരങ്ങൾ നേടിയെടുത്തിട്ടുണ്ട്. ഏഴു വയസ്സിൽ ആരംഭിക്കുന്ന കളരിയഭ്യാസം പ്രായപൂർത്തിയാകുന്നതുവരെ നീണ്ടുനിൽക്കും. ദേഹം ഉഴിഞ്ഞ് ശരിപ്പെടുത്തി ആയാസരഹിതമായ ചടുല ചലനങ്ങൾക്ക് പര്യാപ്തമാക്കിത്തീർക്കുകയാണ് ആദ്യമായി ചെയ്യുക. പിന്നീട് മെയ്പയറ്റ് പരിശീലിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ വെറും വ്യായാമ മുറയാണെന്നു തോന്നുന്ന മെയ്പ്പയറ്റിലെ ഓരോ ചലനവും ആത്മരക്ഷാമാർഗം കൂടിയാണ്.

30 പാഠ വിശകലനം ചെയ്യുക :

വെള്ളിയാഴ്ചയായിരുന്നു അമ്മ പൊയ്ക്കളഞ്ഞത്
ഞാനപ്പോൾ പട്ടണത്തിലെ മഴയിൽ വണ്ടി കാത്തു നിന്നു
എന്റെ മകൻ എവിടെവരെയെത്തിയെന്ന്
അമ്മ അനിയത്തിയോട് ചോദിച്ചു
ഇന്ന് പത്തുമണിക്ക് പോകുമെന്ന്
അമ്മ നേരത്തെ പറഞ്ഞിരുന്നു
അതവർക്കപ്പോൾ മനസ്സിലായില്ല
പിന്നെയും അമ്മ കടവിൽ നിന്നു
മുമ്പ് ഞാനും അമ്മയും അമ്മവീട്ടിൽ നിന്ന് ഒരു കെട്ട് ഓട്ടലുമായി
ഒറ്റയ്ക്ക് തോണിക്കാരനെ കാത്തുനിന്നു
ഞാനെത്തുന്നതിനു മുമ്പേ . . . . . . . . .

(എസ് ജോസഫിന്റെ 'ഒരു കെട്ട് ഓട്ടൽ' എന്ന കവിത)

31 പാഠ വിശകലനം ചെയ്യുക :

സുഷമ ഒരു കവിതയെഴുതുകയാണ് . അതിന്റെ ആദ്യത്തെ വരികൾ ഇങ്ങനെ കടലാസിൽ പിറന്നു വീഴുന്നു.

ഒരു കണ്ണുനീർത്തുള്ളി നനവായിയുലയുന്നെ
ന്നിമകളിലിന്നും ഞാൻ നിന്നെയോർക്കെ

ഇടപ്പള്ളിക്കവികൾ മുതൽ ആധുനികോത്തര കവികൾവരെ ആർക്കും എഴുതാവുന്ന സാധാരണ വരികളാണിവ. ഈ വരികൾക്ക് എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ അതിനു കാരണം അവയുടെ കർത്താവ് ഒരു സ്ത്രീയാണെന്നതു മാത്രമാണ്. സുഷമയുടെ ഭർത്താവ് രഘുരാമൻ ഉൾപ്പെടെയുള്ള വായനക്കാരുടെ സമൂഹത്തിന് പൊതുവായൊരു ദോഷമുള്ളത് സ്ത്രീ രചനകളിലെല്ലാം ആത്മകഥാംശം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

(ചന്ദ്രമതിയുടെ 'കവിതയുടെ കഥ' എന്ന കഥയിൽ നിന്ന് )

(6 × 4 = 24)

## പാർട്ട് ഡി

നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

32 ആദിവാസിയും ഭൂമിയും എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം എഴുതുക.

**അല്ലെങ്കിൽ**

33 ദൃശ്യമാധ്യമങ്ങൾ—കുറിപ്പെഴുതുക.

34 നവോത്ഥാനത്തിന്റെ പാഠങ്ങൾ എന്ന ലേഖനത്തിലൂടെ എം.എൻ. വിജയൻ നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

35 മത നവീകരണം, മത നിരപേക്ഷത എന്നീ വിഷയങ്ങളെക്കുറിച്ച് എൻ.വി. കൃഷ്ണവാരിയരുടെ അഭിപ്രായങ്ങൾ അപഗ്രഥിക്കുക.

(2 × 15 = 30)